**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4177** **18-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷികാദായ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 മുതൽ 2021-22 വരെ സംസ്ഥാനത്ത് പിരിച്ചെടുത്ത കാർഷികാദായ നികുതി എത്രയെന്ന് വർഷം തിരിച്ച് അറിയിക്കാമോ; | (എ) | 2016-17 മുതൽ 2021-22 വരെ സംസ്ഥാനത്ത് പിരിച്ചെടുത്ത കാർഷികാദായ നികുതി വർഷം തിരിച്ച് ചുവടെ ചേർക്കുന്നു: |
| (ബി) | കാർഷികാദായ നികുതി അടയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | 1991 ലെ കേരള കാർഷികാദായ നികുതി നിയമം കേരളത്തിലെ കാർഷിക വരുമാനത്തിന്മേൽ നികുതി ചുമത്താൻ വ്യവസ്ഥ ചെയ്യുന്നു. നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, റാഗി, പയർ, എള്ള്. പച്ചക്കറി, മധുരക്കിഴങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ. കരിമ്പ്, ചക്ക, മാങ്ങ, പൈനാപ്പിൾ, ഓർക്കിഡ് അല്ലെങ്കിൽ മറ്റ് പൂക്കൾ, വാനില, മഞ്ഞൾ, പേരക്ക എന്നിവയുടെ കൃഷിയിൽ നിന്നുള്ള വരുമാനം ഒഴിവാക്കിയിരിക്കുന്നു. കമ്പനി നിയമം പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനിയല്ലാതെ ഒരു വ്യക്തിയും നികുതി അടയ്ക്കേണ്ടതില്ല.<br><br>1991-ലെ കേരള കാർഷികാദായ നികുതി നിയമ പ്രകാരമുള്ള കാർഷികാദായ നികുതി ഒരു വ്യക്തിയുടെ |

| വർഷം | കാർഷികാദായ നികുതി (കോടിയിൽ) |
|---|---|
| 2016 - 17 | 1.44 |
| 2017 - 18 | 2.18 |
| 2018 - 19 | 0.26 |
| 2019 - 20 | 0.22 |
| 2020 - 21 | 0.40 |
| 2021 - 22 | 0.38 |

| | | | |
|---|---|---|---|
| | | | മുൻ സാമ്പത്തിക വർഷത്തെ കാർഷിക വരുമാനത്തിന്റെ മേൽ ചുമത്തപ്പെടുന്ന നികുതി ആണ്. 01-04-13 മുതൽ സ്വകാര്യ വ്യക്തികളേയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളേയും കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. തുടർന്ന് കേരള കാർഷികാദായ നികുതി നിയമ പ്രകാരം നികുതി അടയ്ക്കാനുള്ള ബാദ്ധ്യത കമ്പനികൾക്ക് (തദ്ദേശീയവും വിദേശീയവും) മാത്രമാണുള്ളത്. കാർഷികാദായത്തെ അടിസ്ഥാനമാക്കി തദ്ദേശ കമ്പനികളുടെ നികുതി നിരക്ക് 35% മുതൽ 50 ശതമാനം വരെ വ്യത്യാസപ്പെട്ടിരുന്നു. കൂടാതെ വിദേശ കമ്പനികളുടെ നികുതി നിരക്ക് 80% ആയിരുന്നു. 2016 – 17 ലെ ബഡ്ജറ്റിൽ ആദായ നികുതി നിരക്കുമായി തുല്യത കൊണ്ടുവരുന്നതിലേക്കായി കാർഷി കാദായ നികുതി നിരക്ക് കുറയ്ക്കുകയും ആദായ നികുതി നിരക്കായ30 ശതമാ നത്തോട് ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. 02.04.2016 തീയതിയിലെ SRO 314/2016 പ്രകാരം 2016 – 17 സാമ്പത്തിക വർഷം കാർഷികാദായ നികുതിയിൽ നിന്നും എല്ലാ കമ്പനികളെയും ഒഴിവാക്കിയിട്ടുണ്ട്.<br><br>തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച റിട്ട.ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിന് തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് റദ്ദ് ചെയ്യേണ്ടതുള്ളതിനാൽ, ആയതിലേക്കായി 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 236 ആയി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ബിൽ പതിനാലാം കേരള നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായില്ല. പതിനാലാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ ഒരു ബിൽ ആയി കൊണ്ടുവരുന്നതിന് തീരുമാനിക്കുകയും ആയത് 2021 ലെ ബില്ല് നമ്പർ 84ലായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ